

# സെപ്റ്റംബർ 2025
# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം

മാർത്തോമ്മാ സഭാ പ്രതിനിധി മണ്ഡലം 2025 സെപ്റ്റംബർ 2 മുതൽ 4 വരെ (ചൊവ്വ, ബുധൻ, വ്യാഴം) ദിവസങ്ങളിൽ തിരുവല്ല ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ആഡിറ്റോറിയത്തിൽ നടക്കുകയാണല്ലോ. മണ്ഡല യോഗത്തിന്റെ അനുഗ്രഹകരമായ നടത്തിപ്പിനായി ഏവരും പ്രത്യേകം പ്രാർത്ഥിക്കണം. എല്ലാ മണ്ഡലാംഗങ്ങളും ആദ്യാവസാനം മണ്ഡല യോഗത്തിൽ സംബന്ധിക്കുകയും ക്രിയാത്മക പങ്കാളിത്തത്തിലൂടെ തങ്ങളുടെ ഉത്തരവാദിത്വം ഗൗരവപൂർവ്വം നിർവ്വഹിക്കുകയും വേണം. ജനാധിപത്യമൂല്യങ്ങളിൽ അടിത്തറയിട്ട സഭ എന്ന് നമ്മുടെ സഭയെ വിശേഷിപ്പിക്കുമ്പോൾ തന്നെ ക്രിസ്തീയ മൂല്യമായ പാരസ്പരികതയിലാണ് സഭയുടെ നിലനിൽപ്പെന്ന് നാം മനസ്സിലാക്കണം. അത്മായരും വൈദീക സ്ഥാനികളും ഒത്തൊരുമിച്ചു പ്രവർത്തിക്കുമ്പോളാണ് സഭ യഥാർത്ഥ ക്രിസ്തീയ സഭയാകുന്നത്. അത്തരം ബന്ധങ്ങളിൽ വിള്ളലുണ്ടാക്കുന്ന ഒരു പ്രവൃത്തിയിലും നാം ആരും ഇടപെടരുതെന്നോർമ്മിപ്പിക്കുന്നു. സുതാര്യമായ ഇടപെടലുകളിലൂടെയും സാക്ഷ്യം നഷ്ടപ്പെടാത്ത പ്രവർത്തനങ്ങളിലൂടെയും അചഞ്ചലമായ ദൈവ ബോധത്തിലൂടെയും നമുക്ക് മുന്നേറാം. മുൻപേ പറക്കുന്ന പക്ഷി എന്ന ഖ്യാതി ലഭിച്ച നമ്മുടെ സഭ എല്ലാ സഭകൾക്കും നല്ല മാതൃകകളെ പ്രദാനം ചെയ്യുന്ന ഉത്തമ സഭയായി നില നില്ക്കുവാൻ നമുക്കൊരുമിച്ചു പ്രവർത്തിക്കാം. കൂട്ടായ ചർച്ചകളിലൂടെയും ആശയവിനിമയങ്ങളിലൂടെയും നമ്മുടെ സഭാഗാത്രത്തെ നമുക്ക് സമ്പുഷ്ടമാക്കാം. ഈ മണ്ഡല യോഗങ്ങൾ അതിനിടയാകട്ടെയെന്നു പ്രാർത്ഥിക്കുന്നു.

ഈ വർഷത്തെ സഭാ മണ്ഡലം പഠന വിഷയമായി തിരഞ്ഞെടുത്തിരിക്കുന്നത് 'ഞാൻ വിശ്വസിക്കുന്നു' – നിഖ്യായുടെ കാലിക പ്രസക്തി (We Believe – the Contemporary Relevance of Nicaea) എന്ന വിഷയമാണ്. 2025 ക്രൈസ്തവ സഭാ ചരിത്രത്തിലെ ഒരു സുപ്രധാന വർഷമാണ്. ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാന രേഖയായ നിഖ്യാ വിശ്വാസ പ്രമാണം നിലവിൽ വന്നിട്ട് 1700 വർഷങ്ങൾ പൂർത്തിയാക്കുന്നു. ആദിമ നൂറ്റാണ്ടുകളിലെ പ്രതിസന്ധികളുടെയും കൊടിയ പീഡനത്തിന്റെയും മദ്ധ്യത്തിൽ പതറാതെ നില്ക്കുവാൻ വിശ്വാസികൾക്ക് കരുത്ത് പകർന്നത് അവരുടെ വിശ്വാസ പ്രഖ്യാപനങ്ങളും അതിനോടുള്ള പ്രതിബദ്ധതയുമാണ്. കേവലം ചില പ്രഖ്യാപനങ്ങളുടെ താത്വികതല ഉരുവിടൽ ആയിരുന്നില്ല മറിച്ച് ഐക്യതയുടെയും യോജിപ്പിന്റെയും പൊതു സ്വീകാര്യതയുടെയും അനുഭവതല പ്രതിഫലനങ്ങളായിരുന്നു. ഇവയുടെ കാലിക പ്രസക്തിയാണ് പഠന വിഷയത്തിന്റെ രണ്ടാം ഭാഗം. നമ്മുടെ വിശ്വാസ പ്രഖ്യാപനങ്ങൾ സമകാലിക പരിസരങ്ങൾക്ക് എത്രമാത്രം സംഗതമാണ് എന്ന വിശകലനത്തിലേക്ക് അത് വിരൽചൂണ്ടുന്നു. ചരിത്രത്തിലെ വിമോചനാത്മകതയും അധികാരങ്ങൾക്കെതിരായ തുല്യരുടെ സമൂഹവും വിശ്വാസ പ്രഖ്യാപനത്തിൽ ഉൾച്ചേർന്നിരിക്കുന്നു. മണ്ഡലം പഠനവിഷയം ഭദ്രാസന-സെന്റർ തലത്തിലും ഇടവക തലങ്ങളിലും തുടർ പഠനത്തിനായി വിഷയീഭവിപ്പിക്കുകയും അതിന്റെ വിവിധ അർത്ഥതലങ്ങൾ മനസ്സിലാക്കി പ്രായോഗിക തലത്തിൽ വരുത്തുവാൻ ഏവരും ശ്രമിക്കുകയും ചെയ്യണം.

ഒരുമയുടെയും, കരുതലിന്റെയും, സാഹോദര്യത്തിന്റെയും സന്ദേശവുമായി വീണ്ടും ഓണം വരവായി. മലയാളികൾ എവിടെയൊക്കെയുണ്ടോ അവിടെയൊക്കെ ജാതി മത ഭേദങ്ങൾക്കപ്പുറമായി ഓണം ആഘോഷിക്കപ്പെടുന്നു. മനുഷ്യരെല്ലാവരും ഏകോദര സഹോദരരെപ്പോലെ കഴിയുന്ന കള്ളവും ചതിവും, പൊള്ളത്തരങ്ങളുമില്ലാത്ത, സത്യവും നീതിയും പുലരുന്ന നല്ലനാളിനെക്കുറിച്ചുള്ള സ്വപ്നമാണ് ഓണത്തിന്റെ സന്ദേശം. ഇന്ന് വിദ്വേഷത്തിന്റെ വിത്തുകൾ വാരി വിതറുന്ന, വൈവിധ്യങ്ങളെ തമസ്കരിക്കുന്ന, അപരനെ ഇല്ലാതാക്കുന്ന, വെറുപ്പിനെ

പാലൂട്ടി വളർത്തുന്ന പുത്തൻ സംസ്കൃതിയിൽ ഓണം സാഹോദര്യത്തിന്റെയും സ്നേഹത്തിന്റെയും സമൃദ്ധിയുടെയും നവ്യാനുഭവങ്ങൾ നല്കട്ടെയെന്ന് ആശിക്കാം, പ്രാർത്ഥിക്കാം. എല്ലാവർക്കും ഓണാശംസകൾ.

വിദ്യയിലൂടെ നമ്മെ വഴിനടത്തിയ അദ്ധ്യാപകരെ നന്ദിയോടെ ഓർക്കുന്ന ദിവസമാണല്ലോ അദ്ധ്യാപക ദിനമായ സെപ്തംബർ 5. നല്ല അധ്യാപകരാണ് ഒരു നല്ല ദേശത്തെ രൂപപ്പെടുത്തുന്നത് എന്നതിൽ സംശയം ഇല്ല. അവരുടെ സംഭാവനകളെ എത്ര പ്രകീർത്തിച്ചാലും മതിയാവില്ല. കേവലം സ്വന്ത താല്പര്യങ്ങളുടെ സംരക്ഷണത്തിനായി മാത്രം ചില രാഷ്ട്രീയ സംഘടനകളുടെ പിണിയാളുകളാകുന്ന ആധുനിക കാല അദ്ധ്യാപകരിൽ ചിലർ തങ്ങളുടെ വിദ്യാർത്ഥികളെ ഒരു തുറവിയുടെ അനുഭവത്തിലേക്ക് നയിക്കുന്നുണ്ടോ എന്ന് സന്ദേഹിക്കേണ്ടിയിരിക്കുന്നു. പ്രത്യയശാസ്ത്രങ്ങളോട് യാതൊരു പ്രതിബദ്ധതയും ഇല്ലാതെ ആൾക്കൂട്ടങ്ങളിലെ രാജാക്കന്മാർ ആകാൻ ശ്രമിക്കുന്ന വിദ്യാർത്ഥികൾ കലാലയങ്ങളെ അശാന്തിയിലേക്കു നയിക്കുന്നു. ഇന്ത്യയിലെ ഏറ്റവും പുരാതന കോളേജുകളിലൊന്നായ കോട്ടയം സി. എം. എസ്. കോളേജിൽ യൂണിയൻ ഇലക്ഷനോടനുബന്ധിച്ചു നടന്ന സംഭവങ്ങൾ കാമ്പസുകളിലെ ജീർണ്ണത പുറത്തു കാട്ടുന്നില്ലേ? അക്രമത്തിലൂന്നിയ രാഷ്ട്രീയത്തിന് പകരം രാഷ്ട്ര നന്മയെ ലക്ഷ്യമാക്കിയുള്ള രാഷ്ട്രീയം ക്യാമ്പസുകളിൽ ഉരുത്തിരിയണം. അദ്ധ്യാപകർ അതിനൊരു മുഖാന്തിരമായിത്തീരട്ടെയെന്നു പ്രാർത്ഥിക്കുന്നു. എല്ലാ അധ്യാപകരേയും ഓർത്തു ദൈവത്തെ സ്തുതിക്കുന്നു.

നമ്മുടെ സഹോദരി സഭയായ തെന്നിന്ത്യാ സഭയിൽ (CSI) എപ്പിസ്കോപ്പൽ തെരഞ്ഞെടുപ്പും സ്ഥാനാരോഹണവും നടക്കുന്ന സമയമാണല്ലോ ഇത്. നമ്മുടെ സഭയുടെ ഉത്തമ സുഹൃത്തും മാരാമൺ കൺവൻഷൻ പ്രസംഗകനും ആയ മോസ്റ്റ് റവ ഡോ റൂബൻ മാർക്ക് ആ സഭയുടെ മോഡറേറ്റർ ആയി നിയമിക്കപ്പെട്ടു എന്നത് നമുക്കേവർക്കും സന്തോഷകരമാണ്. ഇത് കൂടാതെ സി. എസ്. ഐ. കൊല്ലം – കൊട്ടാരക്കര മഹായിടവക ബിഷപ്പായി റൈറ്റ് റവ. ജോസ് ജോർജും കൊച്ചിൻ മഹായിടവക ബിഷപ്പായി റൈറ്റ് റവ. കുര്യൻ പീറ്ററും സ്ഥാനാരോഹണം ചെയ്യപ്പെട്ടു. പുതുതായി നിയമിതരായ ഈ മേലധ്യക്ഷൻമാരുടെ മേൽ ദൈവകൃപ ധാരാളമായി ഉണ്ടായിരിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. മാർത്തോമ്മാ സഭ സി. എസ്. ഐ സഭയുമായി സവിശേഷമായ ബന്ധമാണ് നിലനിർത്തുന്നത്. പ്രത്യേകമായി കമ്മ്യൂണിയൻ ഓഫ് ചർച്ചസ് ഇൻ ഇന്ത്യയിലൂടെ സാധ്യമാകുന്ന എല്ലാ എക്യൂമെനിക്കൽ പ്രവർത്തനങ്ങളെയും ഓർക്കാം.

കേരളത്തിൽ നിന്നും വിദ്യാർത്ഥികൾ കൂട്ടമായി വിദേശ രാജ്യങ്ങളിലേക്ക് കുടിയേറുന്ന ഈ കാലഘട്ടത്തിൽ വിദ്യാഭ്യാസ രംഗത്തൊരു പൊളിച്ചെഴുത്ത് അനിവാര്യണ് എന്ന ചിന്ത ശക്തിപ്പെട്ടിരിക്കുന്നു. സംസ്ഥാനം ഭരിക്കുന്ന മുഖ്യമന്ത്രിമാരും കേന്ദ്ര ഗവൺമെന്റിന്റെ സംസ്ഥാനങ്ങളിലെ പ്രതിനിധികളായ ഗവർണർമാരും തമ്മിലുള്ള ശീതസമരം വൈസ് ചാൻസലറുമാരുടെ നിയമനങ്ങളെ ബാധിക്കുന്നു. കേരളം പോലുള്ള സംസ്ഥാനത്തു പല സർവകലാശാലകളിലും വൈസ് ചാൻസലറന്മാരില്ലാത്ത അവസ്ഥാവിശേഷമാണ് ഇപ്പോഴുള്ളത്. സുപ്രീം കോടതിയുടെ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടായി എന്നത് ആശ്വാസകരമാണ്. ബാഹ്യ ഇടപെടലുകളിൽ ഭയചികിതരായി വിദ്വേഷ പ്രചാരണം നടത്തുന്ന സംഘടനകളുടെ വക്താക്കളായിപ്പോലും ചില വൈസ് ചാൻസലറന്മാർ പ്രവർത്തിക്കുന്നു. കേരളത്തിലെ സാങ്കേതിക സർവകലാശാലയിലും ഡിജിറ്റൽ സർവകലാശാലയിലും വൈസ് ചാൻസലർ നിയമനത്തിനുള്ള പട്ടികയുടെ മുൻഗണനാക്രമം മുഖ്യമന്ത്രി തീരുമാനിക്കണമെന്നാണ് കോടതിയുടെ തീരുമാനം. മുഖ്യമന്ത്രി തയ്യാറാക്കുന്ന മുൻഗണനാക്രമം ചാൻസലർ ആയ ഗവർണർ പരിഗണിക്കണമെന്നും സുപ്രീം കോടതി വ്യക്തമാക്കി. ഈ തീരുമാനങ്ങൾ കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് ഒരു പുതു ഉന്മേഷം നൽകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസരംഗം ഒരു മാറ്റത്തിലൂടെ കടന്നുപോവുകയാണല്ലോ. പുതിയ വിദ്യാഭാസ പദ്ധതിക്കനുരൂപമാകുവാനുള്ള ശ്രമത്തിലാണ് സർവകലാശാലകളും കലാലയങ്ങളും. മൂന്നുവർഷ ഡിഗ്രി കോഴ്സുകൾക്ക് പകരം നാലുവർഷ ഡിഗ്രി കോഴ്സുകളും ഒരേ സമയത്തുതന്നെ തികച്ചും വ്യത്യസ്തങ്ങളായ പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പടെയുള്ള മറ്റു കോഴ്സുകളും പഠിക്കുവാൻ സാഹചര്യം ഒരുങ്ങിയെങ്കിലും വിദ്യാർത്ഥികളും അദ്ധ്യാപകരും ആശയക്കുഴപ്പത്തിലാണ്. സർവ്വകലാശാല ഗ്രാന്റ് കമ്മീഷൻ (യു. ജി. സി.) സംസ്ഥാന സർക്കാരുകൾക്കയച്ച ബിരുദ പഠനത്തിനുള്ള കരടു പാഠ്യപദ്ധതി സംബന്ധിച്ച് എറെ ചർച്ചകൾ നടന്നു വരുന്നു. വിദ്യാർത്ഥികൾക്ക് ശാസ്ത്രീയമായ അറിവിന്റെ അടിത്തറയൊരുക്കുക എന്നതാണ് പാഠപുസ്തകത്തിലൂടെയും പാഠ്യപദ്ധതിയിലൂടെയും അക്കാദമിക നയത്തിലൂടെയും ലക്ഷ്യം വെയ്ക്കേണ്ടത്. അതിന് വിദ്യാഭ്യാസ മേഖലയെ അതിന്റെ വസ്തുനിഷ്ഠവും മതനിരപേക്ഷവുമായ അടിസ്ഥാനത്തിൽ നിലനിർത്തേണ്ടത് അനിവാര്യമാണ്. മതപരമായ ലക്ഷ്യത്തോടെ പാഠ്യപദ്ധതിയിൽ വളച്ചൊടിക്കലുകളോ വെട്ടിത്തിരുത്തലുകളോ വരുത്തരുത്. ദേശത്തിന്റെ പൊതു നന്മയാകണം ലക്ഷ്യം. ഹിതകരമല്ലാത്തത് ഒഴിവാക്കിയും നേട്ടമുണ്ടാക്കുന്നതിനെ മഹത്വീകരിച്ചും നടത്തുന്ന മാറ്റങ്ങൾ ഗുണത്തേക്കാളേറെ ദോഷം വരുത്തും എന്നതിന് സംശയമില്ല. അങ്ങനെ ചെയ്യുമ്പോൾ വിദ്യാർത്ഥികൾക്ക് അറിവിന്റെ വ്യാപ്തി കുറയുകയും അവരുടെ ദർശന തലത്തെ വികലമാക്കുകയും ചെയ്യും. പുത്തൻ നയങ്ങളിലൂടെയും

പാഠ്യപദ്ധതിയിലൂടെയും ദേശീയ വിദ്യാഭ്യാസ മേഖലയുടെ മുന്നോട്ടുള്ള അനവരത പ്രയാണത്തിന് ആക്കം കൂട്ടുകയാണ് ഇന്നിന്റെ ആവശ്യം.

അമേരിക്കൻ ഐക്യനാടുകൾ ഇന്ത്യയ്ക്ക്മേൽ ചുമത്തിയ 25 ശതമാനം പകരം തീരുവയ്ക്ക് പുറമെ 25 ശതമാനം അധികം തീരുവ കൂടി പ്രഖ്യാപിച്ചിരിക്കുകയാണല്ലൊ. അതായത് നിലവിൽ ഇന്ത്യൻ ഉത്പന്നങ്ങൾ അമേരിക്കയിലേക്ക് കയറ്റുമതി ചെയ്യണമെങ്കിൽ മൊത്തത്തിൽ 50 ശതമാനം തീരുവ അടയ്ക്കേണ്ടതായി വരും. റഷ്യയിൽ നിന്നും എണ്ണയും ആയുധങ്ങളും ഇറക്കുമതി ചെയ്യുന്നതിനും BRICS രാജ്യങ്ങളുമായുള്ള സഹകരണവും കാരണം പ്രതികാര നടപടിയെന്ന നിലയിലാണ് അമേരിക്ക ഇന്ത്യയ്ക്ക് മേൽ ഭീമമായ തീരുവ ചുമത്തിയിരിക്കുന്നത്. നിലവിൽ ബ്രസീലിനൊപ്പം ഏറ്റവും കൂടുതൽ തീരുവ അടയ്ക്കേണ്ട രാജ്യമായി ഇന്ത്യ മാറിയിരിക്കുകയാണ്. റഷ്യയുമായുള്ള ഇന്ത്യയുടെ വ്യാപാര ബന്ധമാണ് അമേരിക്കയുടെ തീരുവ ചുമത്തലിന് പിന്നിലെന്ന് പ്രസിഡന്റ് ട്രംപ് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ആ നടപടി ഇന്ത്യയ്ക്ക് മേൽ വലിയൊരു ഭാരമാണ് ചുമത്തിയിരിക്കുന്നത്. റഷ്യയിൽ നിന്ന് മറ്റ് പല രാജ്യങ്ങളും ഇന്ത്യയേക്കാൾ കൂടുതൽ എണ്ണയും ആയുധങ്ങളും ഇറക്കുമതി ചെയ്തിട്ടും എന്തുകൊണ്ട് ഇന്ത്യക്കെതിരെ മാത്രം കടുത്ത നടപടിയെന്ന ചോദ്യത്തിൽ നിന്ന് അമേരിക്കൻ അധികൃതർ ഒഴിഞ്ഞ് മാറുകയാണ് ചെയ്തത്. അമേരിക്കയിലേക്ക് കശുവണ്ടി, കയർ, സുഗന്ധദ്രവ്യങ്ങൾ മുതലായവ കയറ്റി അയയ്ക്കുന്ന കേരളത്തിന് ഈ അധിക തീരുവ മൂലമുണ്ടാകുന്ന സാമ്പത്തിക ഭാരം താങ്ങാവുന്നതിലും അപ്പുറമാണെന്ന് കേരള സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. രാജ്യങ്ങൾ തമ്മിലുള്ള വ്യാപാര യുദ്ധങ്ങൾ ഒഴിവാക്കി ഏവരും സമാധാനത്തിലും സൗഹൃദത്തിലും ജീവിക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം.

ഇന്ത്യയുടെ ലോക്സഭാ തെരഞ്ഞെടുപ്പിലും നിയമസഭാ തെരഞ്ഞെടുപ്പുകളിലും ഗുരുതരമായ വോട്ട് ക്രമക്കേട് നടന്നുവെന്ന പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധിയുടെ വെളിപ്പെടുത്തലുകൾക്ക് വ്യക്തമായ മറുപടി നൽകുവാൻ തെരഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറായില്ല എന്നത് ജനഹൃദയങ്ങളിൽ ആശങ്ക ഉയർത്തുന്നതാണ്. അതോടൊപ്പം ബീഹാറിൽ അടുത്തുവരുന്ന തെരഞ്ഞെടുപ്പിനോടനുബന്ധിച്ചു നടക്കുന്ന സമഗ്ര വോട്ടർ പട്ടിക പരിഷ്കരണം (Special Intensive Revision - SIR) ലക്ഷക്കണക്കിന് പൗരന്മാരുടെ വോട്ടവകാശം എടുത്തുകളയുന്നതാണ് എന്ന ആരോപണവും ഉയർന്നിട്ടുണ്ട്. ഇന്ത്യയിൽ നിലനിൽക്കുന്ന ജനാധിപത്യ സംവിധാനത്തിൽ ഒരു പൗരന് പ്രധാനമായും ഉള്ള അവകാശം തങ്ങളുടെ വോട്ടിന്മേലുള്ള അവകാശമാണ്. ഏതെങ്കിലും തരത്തിൽ അത് നഷ്ടപ്പെടുന്നത് സ്വന്ത രാജ്യത്ത് അഭയാർത്ഥി ആകുന്നതിനു തുല്യമാണ്, അതുകൊണ്ടുതന്നെ വാദ പ്രതിവാദങ്ങൾക്കപ്പുറം എല്ലാ പൗരന്മാരും നിയമത്തിന് മുമ്പിൽ തുല്യരാണെന്ന് മനസ്സിലാക്കി എല്ലാവരെയും ഉൾക്കൊള്ളാനുള്ള മനോഭാവം ഉണ്ടാകണം. വോട്ടേഴ്സ് ലിസ്റ്റിൽ പേരില്ലാത്ത എന്നാൽ പേരുചേർക്കപ്പെടുവാൻ യോഗ്യതയുള്ള എല്ലാവരെയും സഹായിക്കേണ്ട ഉത്തരവാദിത്വം താഴേത്തട്ടിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ മുതൽ ഇലക്ഷൻ കമ്മീഷണർ വരെയുള്ളവർക്കുണ്ട്. രാഷ്ട്രീയ പാർട്ടികൾക്കും ഇത്തരം സാഹചര്യത്തിൽ ക്രിയാത്മകമായി പ്രവർത്തിക്കാനാവണം. ലോകത്തിലെ തന്നെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യ ജനാധിപത്യ രാജ്യം എന്നുതന്നെ അറിയപ്പെടുന്നത് അതിന്റെ തെരഞ്ഞെടുപ്പ് പ്രക്രിയയിലെ സുതാര്യത കൊണ്ടാണ്. അതുകൊണ്ടുതന്നെ തെരഞ്ഞെടുപ്പിന്റെ വിശ്വാസ്യത വർധിപ്പിക്കുവാനാവശ്യമായതെല്ലാം അധികാരികൾ ചെയ്തേ മതിയാവൂ.

ഛത്തീസ്ഗഢ് ദുർഗ്ഗിൽ സമർപ്പിത ശുശ്രൂഷയിൽ ഏർപ്പെട്ടിരുന്ന കന്യാസ്ത്രീകളെ അറസ്റ്റ് ചെയ്ത നടപടി രാജ്യവ്യാപകമായി സൃഷ്ടിച്ച ആശങ്ക ഒട്ടും ചെറുതല്ല. മതപരവും സാമൂഹ്യവുമായ വേർതിരിവില്ലാതെ സേവനം നടത്തുന്ന നിരപരാധികളായ കന്യാസ്ത്രീകളടക്കം അനേകം സുവിശേഷ പ്രവർത്തകർ ഉത്തരേന്ത്യയിൽ അങ്ങോളമിങ്ങോളം മത പരിവർത്തന നിരോധന നിയമത്തിന്റെ മറവിൽ വേട്ടയാടപ്പെടുന്നു എന്നത് തികച്ചും അപലപനീയമായ സംഗതിയത്രെ. ഇത്തരം നടപടികൾ മൗലികാവകാശത്തിന്റെ നഗ്നമായ ലംഘനവും ഇന്ത്യൻ ജനാധിപത്യത്തെ ദുർബലപ്പെടുത്തുന്നതുമായ നടപടിയാണ്. രാജ്യത്തിന്റെ നിയമ സംവിധാനങ്ങൾ ഉറപ്പാക്കുന്ന നീതി നിർവ്വഹണം എല്ലാ പൗരർക്കും ലഭ്യമാക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. ന്യൂനപക്ഷത്തോടുള്ള ഇത്തരം വിവേചനത്തിൽ പ്രതിഷേധിച്ചു രാജ്യത്തിന്റെ വിവിധ ഇടങ്ങളിൽ ക്രമീകരിച്ച പ്രതിക്ഷേധ പരിപാടികളിൽ ഇതര ക്രൈസ്തവ വിഭാഗങ്ങളോടും ജനപ്രതിനിധികളോടും ചേർന്ന് മാർത്തോമ്മാ സഭാ നേതൃത്വവും ജനങ്ങളും പങ്കെടുത്തു. നാഷണൽ കൗൺസിൽ ഓഫ് ചർച്ചസിന്റെ ആഭിമുഖ്യത്തിൽ ഹൈദരാബാദ് ഹെൻറി മാർട്ടിൻ ഇൻസ്റ്റിറ്റ്യൂട്ടിൽ ക്രമീകരിച്ച സഭാമേലദ്ധ്യക്ഷന്മാരുടെ കോൺക്ലേവിൽ ക്രൈസ്തവ സഭകൾ കാലഘട്ടത്തിന്റെ വെല്ലുവിളികളെ തിരിച്ചറിയുകയും വളരുന്ന അസഹിഷ്ണതക്കെതിരെ ഒരുമിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത എടുത്തു പറഞ്ഞു. നീതി മരിച്ചു പോകുന്ന കാലഘട്ടത്തിൽ നീതി നിഷേധത്തിനെതിരെ ജാഗ്രത ആവശ്യമാണെന്നും സമ്മേളനം ചൂണ്ടികാട്ടി.

രാഷ്ട്രീയവും പൊതുപ്രവർത്തനവും സംശുദ്ധമായിരിക്കണം എന്നത് സംബന്ധിച്ച ചർച്ചകൾ കേരളത്തിൽ സജീവമായി നടക്കുന്ന സമയമാണല്ലോ ഇത്.

ധാരാളം കറപുരളാത്ത ആർശങ്ങളുടെ ആൾരൂപങ്ങൾ നേതൃനിരയിൽ നമുക്കുണ്ടായിരുന്നു. എന്നാൽ ഇന്ന് അതിന് ഇടിവ് വന്നിരിക്കുന്നു. രാഷ്ട്രീയ പ്രവർത്തകർ മാത്രമല്ല ആദ്ധ്യാത്മിക നേതാക്കളും സാംസ്കാരിക നായകരും കല, കായിക പ്രതിഭകളും എല്ലാം ഉന്നത ധാർമ്മിക നിലവാരം പുലർത്തുന്നവരായിരിക്കണം. മാതൃകാപരമായ ജീവിതത്തിലൂടെ പൊതുസമൂഹത്തിന് വെളിച്ചം പകർന്നു നല്കുന്നവരായിരിക്കണം ഇത്തരം സ്ഥാനങ്ങൾ അലങ്കരിക്കേണ്ടത്. എന്നാൽ പൊതു സമൂഹത്തിന്റെ ആഗ്രഹത്തിനാണ് ഈ നാളുകളിൽ മങ്ങലേറ്റിരിക്കുന്നത്. വലിയ പ്രതീക്ഷകളോടാണ് ജനങ്ങൾ ഓരോരുത്തരെയും അധികാരത്തിലേറ്റുന്നത്. അത്തരം വ്യക്തികളിൽ നിന്ന് സ്ത്രീത്വത്തെ അപമാനിക്കുന്ന തരത്തിലുള്ള പെരുമാറ്റങ്ങളും സംഭാഷണങ്ങളും ഒരിക്കലും ഉണ്ടാകരുതാത്തതാണ്. സാമാന്യ മര്യാദകളോ മനുഷ്യത്വം പോലുമോ തൊട്ടുതീണ്ടാത്ത സൈബർ ആക്രമണങ്ങളും അപലപിക്കപ്പെടേണ്ടിയിരിക്കുന്നു. അധികാരത്തിലിരിക്കുന്നവർ പൊതുസമൂഹത്തോട് ഉത്തരം പറയുവാൻ ബാധ്യസ്ഥരുമാണ്. ആ ബോധ്യം നമ്മുടെ പൊതു പ്രവർത്തകർക്കെല്ലാം ഉണ്ടായിരിക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം.

നമ്മുടെ സഭയിൽ 2025 ജൂൺ, ജൂലൈ മാസങ്ങളിൽ പട്ടത്വ ശുശ്രൂഷയിലേക്ക് പ്രവേശിച്ച 24 നവ വൈദീകർ ആഗസ്റ്റ് 16 മുതൽ വിവിധ ശുശ്രൂഷാ സ്ഥാനങ്ങളിലേക്ക് പ്രവേശിച്ചു. അവരെ പ്രത്യേകം പ്രാർത്ഥനയിൽ ഓർക്കാം.


സെപ്റ്റംബർ മാസത്തേക്കുള്ള ധ്യാനങ്ങളും ചിന്താവിഷയങ്ങളും ദൈവജനത്തിന്റെ സാക്ഷ്യത്തിനു പ്രേരകവും ദൈവരാജ്യ മൂല്യങ്ങളിൽ അധിഷ്ഠിതമായ കെട്ടുപണിക്കു സഹായകരവും ആണ്. സെപ്റ്റംബർ 7 ഞായറാഴ്ച സഭ വിദ്യാഭ്യാസ ദിനമായി ആചരിക്കുന്നു. ദൈവിക ഉദ്ദേശ്യങ്ങൾ തിരിച്ചറിയുന്നതിനുള്ള പക്വതയിലേക്കു വളർത്തുക എന്നതാണ് വിദ്യാഭ്യാസ ലക്ഷ്യം. സമാധാനവും ശാന്തതയും കരുണയും നിർമലതയും കാപട്യമില്ലായ്മയും ഉണ്ടാകണമെങ്കിൽ സ്വർഗീയ ജ്ഞാനം ഉള്ളിൽ വരണം. നിഷേധ മൂല്യങ്ങളെ ഇല്ലാതെയാക്കി, ക്രിയാത്മകതയെ വരിക്കുന്നതിലൂടെയാണ് ഇതു സാധ്യമാകുന്നത്. വിദ്യാർത്ഥികളും അധ്യാപകരും രക്ഷകർത്താക്കളും പൊതു സമൂഹവും ഒരുമിച്ച് ചേരുന്ന ഒരു ആത്മീയ ചര്യയാക്കി വിദ്യാഭ്യാസത്തെ രൂപപ്പെടുത്തുവാൻ സാധിക്കേണ്ടതുണ്ട്.

സെപ്റ്റംബർ 14 ഞായറാഴ്ച സേവികാസംഘദിനമായി സഭ വേർതിരിച്ചിരിക്കുന്നു. പരിവർത്തനത്തിന്റെ പ്രഘോഷകരും പ്രയോക്താക്കളുമായി സ്ത്രീകൾ ഭവിക്കണം എന്ന് സഭ ആഗ്രഹിക്കുന്നു. ദബോറയുടെ ധീരതയും ഉൾക്കാഴ്ചയും പക്വതയും, തബീഥായുടെ സൽപ്രവൃത്തികളും, റോമാ ലേഖനത്തിൽ വിശുദ്ധ പൗലോസ് പേരെടുത്തു പരാമർശിച്ചിട്ടുള്ള സ്ത്രീ രത്നങ്ങളുടെ പ്രവൃത്തികളും വിശ്വാസ ധീരതയും എല്ലാ കാലത്തും വിശ്വാസ സമൂഹത്തിനും പ്രത്യേകിച്ച് വനിതകൾക്കും പ്രചോദനവും മാതൃകയും ആണ്. ഉയർത്തെഴുന്നേൽപ്പിന്റെ ആദ്യ സാക്ഷികളായ സ്ത്രീകൾ, ഒരു പുതു യുഗപ്പിറവിയുടെ കാഹള നാദം ആണ് മുഴക്കിയത്. ദൈവസ്വരൂപത്തിന്റെയും സാദൃശ്യത്തിന്റെയും പങ്കുകാരായ സ്ത്രീകൾ സഭയിൽ അർത്ഥവത്തായ ശുശ്രൂഷകൾ ചെയ്യുന്നതിന് ദൈവം കൃപ ചെയ്യട്ടെ.

സെപ്റ്റംബർ 21 ഞായർ മുതിർന്ന പൗരരുടെ ദിനമായി ആചരിക്കപ്പെടുകയാണ്. അവർ ദൈവ നീതിയുടെ മാതൃകയാകേണ്ടവരാണ്. വൃദ്ധന്റെ മുഖം ബഹുമാനിക്കപ്പെടേണ്ടതാണ് എന്ന് വേദപുസ്തകം നമ്മെ ഓർമിപ്പിക്കുന്നു. പ്രൗഢ പ്രായത്തിന്റെ ലക്ഷണമായ നരച്ച തല ശോഭയുള്ള കിരീടമാണ്. നീതിയുടെ മാർഗത്തിൽ അത് പ്രാപിക്കുന്നതിന് ദൈവജനം പ്രതിബദ്ധതയുള്ളവരാകണം. യേശു എന്ന പൈതലിനെ കൈകളിലെടുത്ത് ദൈവത്തിനു സ്തോത്രം അർപ്പിക്കുന്ന ശിമയോനും ഹന്നായും അനുഗ്രഹീത വാർദ്ധക്യത്തിന്റെ പ്രതിനിധികളാണ്. തലമുറകൾക്ക് മാതൃകയാവുകയും, അവർക്ക് വെളിച്ചം ഉദിപ്പിക്കുകയും ചെയ്യുന്ന നല്ല മുതിർന്ന പൗരരുടെ നിരയുണ്ടാവുന്നതാണ് അനുഗ്രഹം. അനുഭവസമ്പത്തും ആത്മീയ അനുഭവങ്ങളുടെ പക്വതയും ഉള്ള മുതിർന്ന തലമുറ ഇളം തലമുറയ്ക്ക് മുതൽക്കൂട്ടാണ്.

സെപ്റ്റംബർ 28 ഞായറാഴ്ച 'കാര്യവിചാരകത്വം: വിശ്വസ്ഥതയും സുതാര്യതയും' എന്ന വിഷയമാണ് സഭ ധ്യാനിക്കുന്നത്. വിശ്വസ്തതയും സുതാര്യതയും കാര്യക്ഷമതയും ഉള്ള കാര്യവിചാരകരാകുന്നതിന് സഭാ മക്കളെ ദൈവം നിയോഗിച്ചിരിക്കുന്നു. സ്വകാര്യലാഭമോഹം ഒഴിഞ്ഞു നിസ്വാർത്ഥമായി ദേവാലയ ശുശ്രൂഷ ചെയ്യുന്ന പുരോഹിതരെക്കുറിച്ചും ഔദാര്യദാനം നൽകുന്ന ജനങ്ങളെ കുറിച്ചും, അവിശ്വസ്ഥത കാണിക്കുന്നവർക്ക് ദൈവം നൽകുന്ന ശിക്ഷാവിധിയെക്കുറിച്ചും വായന ഭാഗങ്ങൾ ഓർമിപ്പിക്കുന്നു. എന്തു ചെയ്താലും വിശ്വസ്തതയിൽ, ദൈവബോധത്തോടെ ചെയ്യുവാൻ വചനം പ്രബോധിപ്പിക്കുന്നു. അങ്ങനെ ചെയ്യുന്നവർക്കാണ് ദൈവിക പ്രതിഫലം ലഭിക്കുന്നത്.

നമ്മുടെ കർത്താവേശു മ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെയിരിക്കട്ടെ.



പൂലാത്തീൻ
27.08.2025

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**